കോൾ നിലങ്ങളിൽ നിന്നുള്ള വെള്ളവും കടലിൽ നിന്നും കയറുന്ന ഉപ്പുവെള്ളവും ശുദ്ധീകരിച്ച് കുടിവെള്ളമാക്കി മാറ്റി നൽകാൻ നടപടി

64 (4672) ശ്രീ. കെ. പി. രാജേന്ദ്രൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കേരള വാട്ടർ അതോറിറ്റി കരുവന്നൂർ പുഴയിൽ നിന്നും ഗുരുവായൂരിലേക്ക് വെള്ളമെത്തിക്കാൻ എൽ. ഐ. സി. സഹായത്തോടെ സർവ്വേ പൂർത്തിയാക്കിയ പദ്ധതിക്ക് ഭരണാനുമതിയും സാങ്കേതികാനുമതിയും കിട്ടിയിട്ടുള്ള സാഹചര്യത്തിൽ ഇവിടേയ്ക്ക് മണലൂർ പഞ്ചായത്തിനോട് ചേർന്ന് കിടക്കുന്ന ഏനമ്മാവ് ബണ്ടിൽ നിന്നും കുടിവെള്ളമെത്തിക്കാൻ സ്വകാര്യ ഏജൻസികൾ തയ്യാറാക്കുന്ന പദ്ധതിക്ക് സർക്കാർ അംഗീകാരം നൽകുമോ ;

(ബി) തൃശ്ശൂർ ജില്ലയിലെ കോൾ നിലങ്ങളിൽ നിന്ന് ഒഴുകിയെത്തുന്ന കീടനാശിനി കലർന്ന വെള്ളവും കനോലി കനാൽ വഴി കടലിൽ നിന്നും കയറുന്ന ഉപ്പുവെള്ളവും ശുദ്ധീകരിച്ച് കുടിവെള്ളമാക്കി മാറ്റി നൽകാൻ കഴിയുമോ ;

(സി) ഇതു സംബന്ധിച്ച തൃശ്ശൂർ നഗര സഭയുടെ നിർദ്ദേശങ്ങൾ സർക്കാർ പരിഗണനയിലുണ്ടോ ;

(ഡി) കോൾ നിലങ്ങൾക്കുപോലും വെള്ളം മതിയാകാത്ത സാഹചര്യത്തിൽ 'ജിമ്മിൽ' വന്ന മേൽ നിർദ്ദേശത്തിനെതിരായി മണലൂരിലെ കൃഷിക്കാർ പ്രകടിപ്പിച്ച രോഷം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ?

ഉത്തരം

(എ) കേരള വാട്ടർ അതോറിറ്റി നടപ്പാക്കാനുദ്ദേശിക്കുന്ന ഈ പദ്ധതി പ്രദേശത്ത് സ്വകാര്യ ഏജൻസികൾ തയ്യാറാക്കുന്ന പദ്ധതികൾ സർക്കാരിന്റെ പരിഗണനയിലില്ല.

(ബി) ഇങ്ങനെ ഒരു പദ്ധതി കേരള വാട്ടർ അതോറിറ്റിയുടെ പരിഗണനയിലില്ല.

(സി) ഇല്ല.

(ഡി) ഇങ്ങനെ ഒരു പദ്ധതി നിർദ്ദേശം ഈ വകുപ്പിൽ നിന്നും 'ജിമ്മിൽ' സമർപ്പിച്ചിരുന്നില്ല.

രാജാക്കാട്-രാജകുമാരി കുടിവെള്ള പദ്ധതി

65 (4673) ശ്രീ. കെ. കെ. ജയചന്ദ്രൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഇടുക്കി ജില്ലയിലെ രാജാക്കാട്-രാജകുമാരി കുടിവെള്ള പദ്ധതിയുടെ ഏതെല്ലാം ഘട്ടങ്ങളാണ് കമ്മീഷൻ ചെയ്തിട്ടുള്ളത് ; ഈ ഘട്ടങ്ങൾക്കായി ചെലവായ തുകയെത്രയാണ് ;

(ബി) ഏതെല്ലാം ഘട്ടങ്ങളാണ് ഇനിയും കമ്മീഷൻ ചെയ്യുവാനുള്ളത് ;

(സി) ഈ പദ്ധതിക്കായി രാജാക്കാട് പഞ്ചായത്തിലെ പരപ്പനങ്ങാടിയിൽ വാട്ടർ ടാങ്ക് നിർമ്മിച്ചിട്ടുണ്ടോ ; എങ്കിൽ ഇതിന് സ്ഥലമെടുപ്പ്, ടാങ്ക് നിർമ്മാണം എന്നീയിനത്തിൽ നാളിതുവരെ എന്ത് തുക ചെലവായി ;

LIBRARY ARCHIVES Kerala Legislative Assembly